ജാമ്യവ്യവസ്ഥ ലംഘിച്ച പ്രതിയുടെ ജാമ്യം റദ്ദാക്കി അറസ്റ്റ് ചെയ്തു. അയ്യമ്പിള്ളി മുല്ലപ്പറമ്പിൽ ശരത് (പൊളി 21 ) എന്നയാളുടെ ജാമ്യമാണ് റദ്ദ് ചെയ്തത്. വീടുകയറി ആക്രമണ കേസിൽ പ്രതിയായ ഇയാൾക്ക് ഉപാധികളോടെ കോടതി ജാമ്യം അനുവദിച്ചിരുന്നു. ഉപാധികൾ ലംഘിച്ച് വീണ്ടും അക്രമണ കേസിൽ പ്രതിയായതിനെ തുടർന്നാണ് ജാമ്യം റദ്ദ് ചെയ്യാൻ ജെ.എഫ്.സി.എം കോടതിയിൽ റിപ്പോർട്ട് നൽകിയത്.